14-ാം കേരള നിയമ സഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 367 04-06-2018 -ൽ മറുപടിയ്ക്ക്

## പരിയാരം മെഡിക്കൽകോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പരിയാരം മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പരിയാരം മെഡിക്കൽ കോളേജിന് നിലവിൽ എന്ത് ബാധ്യതയാണ് ഉള്ളത്; അത് പൂർണ്ണതോതിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (ബി) ആകെ ബാധ്യതയായുണ്ടായിരുന്ന 586,13,02,508/-(അഞ്ഞൂറ്റി എൺപത്തിയാറ് കോടി പതിമൂന്ന ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റിയെട്ട്) രൂപയിൽ, ഹഡ്കോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത ബാധ്യതയായ 279,23,02,508/- (ഇരുന്നൂറ്റി എഴുപത്തി ഒൻപത് കോടി ഇരുപത്തി മൂന്ന ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റിയെട്ട്) രൂപയും,സർക്കാർ ധന സഹായം നൽകിയ വകയിലുള്ള 189 കോടി 10 ലക്ഷം രൂപയും ഒഴിച്ച് നിർത്തിയാൽ 117.8 കോടി രൂപയുടെ ബാധ്യതയാണ് അവശേഷിക്കുന്നതായി കണക്കാക്കിയിട്ടുള്ളത്.ഇതിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നൽകുവാനുള്ള 110 കോടി രൂപ ഒറ്റ തവണ തീർപ്പാക്കുന്നതിനായുള്ള സാധ്യതകളാണ് പരിശോധിക്കുന്നത് . |

(സി) സർക്കാർ ഏറ്റെടുത്തിട്ടും പ്രസ്തുത മെഡിക്കൽ കോളേജിൽ രോഗികൾക്ക് സൗജന്യ ചികിത്സ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ എം.ബി.ബി.എസ്., പി.ജി. കോഴ്സുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതിന് തുല്യമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലെ ഫീസ് ഏർപ്പെടുത്തുന്നതിനും രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) (ഡി) & (ഇ) അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. പരിയാരം മെഡിക്കൽ കോളേജിലെ ചികിത്സാ ചെലവ്, വിദ്യാർത്ഥികളുടെ ഫീസ് നിരക്ക് എന്നിവയെ പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ചംഗ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**